കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 16, ചൊവ്വ

വാല്യം 161] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 2016 ഫെബ്രുവരി മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *151.... ബഹുമാന്യയായ ഇ. എസ്. ബിജിമോൾ.....

ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി....

(അഴിമതി ആരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,.....(ബഹളം).....

മി. സ്പീക്കർ: ചെയർ പറയുന്നത് ശ്രദ്ധിക്കണം. ആദ്യം ഞാൻ ചോദ്യം നമ്പർ പറഞ്ഞു. അതിനുശേഷം ശ്രീമതി ഇ. എസ്. ബിജിമോളെ ചോദ്യം ചോദിക്കുന്നതിനായി വിളിച്ചു. ശ്രീമതി ഇ. എസ്. ബിജിമോൾ സീറ്റിൽ എഴുന്നേറ്റുനിൽക്കുകയും ചെയ്തു. ചോദ്യം ചോദിക്കുന്നില്ലെന്ന് പറഞ്ഞിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയെ വിളിക്കില്ലായിരുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ: സീറ്റിലെഴുന്നേറ്റ് നിന്ന ശ്രീമതി ഇ. എസ്. ബിജിമോൾ ചോദ്യം ചോദിക്കുന്നില്ലെന്ന് പറഞ്ഞില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടതില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(നക്ഷത്രചിഹ്നമിട്ട 151, 152, 153 എന്നീ നമ്പർ ചോദ്യങ്ങൾ ചോദ്യകർത്താക്കളായ പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കാത്തതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

മലയാള ഭാഷ-ഔദ്യോഗിക ഭാഷ

1 (*154) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയെ ഔദ്യോഗിക ഭാഷയാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) ഉണ്ട്.

(ബി) കേരളത്തിലെ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളത്തിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പ്രസ്തുത നയം നടപ്പിലാക്കുന്നതിലേയ്ക്കുവേണ്ടി കർമ്മപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാ പരിശീലനം, കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ബോർഡുകൾ മലയാളത്തിലാക്കൽ, പരിഭാഷാ സെൽ രൂപീകരണം, വകുപ്പുതല സമിതി, ഭരണഭാഷാ പ്രചാരണം മലയാളത്തിലാക്കൽ, വെബ് സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ,

LIBRARY ARCHIVES Kerala Legislative Assembly